# 14-ാം കേരള നിയമ സഭ

## 9-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.278** 23/01/2018 -ൽ മറുപടിയ്ക്ക്

## മെഡിക്കൽ കോളേജുകളിലെ ചികിത്സാസംവിധാനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.സി. ജോർജ് | | ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹിക നീതിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര മെഡിക്കൽ കോളേജുകൾ നിലവിലുണ്ട് അവ ഏതൊക്കെ; | (എ) | സംസ്ഥാനത്ത് നിലവിൽ 10 സർക്കാർ മെഡിക്കൽ കോളേജുകളാണ് ഉള്ളത്.<br>1.ടി.ഡി. മെഡിക്കൽ കോളേജ്, ആലപ്പുഴ<br>2. സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം<br>3.സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട്<br>4 സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം<br>5 സർക്കാർ മെഡിക്കൽ കോളേജ്, മഞ്ചേരി, മലപ്പുറം<br>6 സർക്കാർ മെഡിക്കൽ കോളേജ്, പാലക്കാട് (എസ്.സി/എസ്.ടി വകുപ്പിന് കീഴിൽ)<br>7 സർക്കാർ മെഡിക്കൽ കോളേജ്,തൃശ്ശൂർ<br>8 സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം<br>9 സർക്കാർ മെഡിക്കൽ കോളേജ്, കൊല്ലം<br>10. സർക്കാർ മെഡിക്കൽ കോളേജ്, ഇടുക്കി (കോളേജായി പ്രവർത്തിക്കുന്നില്ല) |
| (ബി) മെഡിക്കൽ കോളേജുകളിലെ വളരെ പ്രധാനപ്പെട്ട ചികിത്സാസംവിധാനങ്ങളിൽ ഒന്നായ വെന്റിലേറ്റർ മിക്ക സ്ഥലങ്ങളിലും കേടായിട്ടുള്ള അവസ്ഥയിലാണെന്നുണ്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ചിലയിടങ്ങളിൽ കേടായിട്ടുള്ള അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (സി) ഇതുമൂലം അപകടങ്ങളിൽ പെട്ട് മെഡിക്കൽകോളേജ് ആശുപത്രികളിൽ എത്തുന്ന രോഗികളെ വെന്റിലേറ്റർ കേടായി, അല്ലെങ്കിൽ ഇപ്പോൾ ഒഴിവില്ലായെന്ന കാരണത്താൽ തൊട്ടടുത്തുള്ള സ്വകാര്യ ആശുപത്രികളിലേയ്ക്ക് പറഞ്ഞയച്ച് പാവപ്പെട്ട രോഗികളുടെ കയ്യിൽ നിന്നും സ്വകാര്യ ആശുപത്രികൾ വെന്റിലേറ്റർ ചികിത്സയ്ക്കായി ലക്ഷങ്ങൾ തട്ടിയെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

ഡി കേരളത്തിലെ വിവിധ മെഡിക്കൽ കോളേജുകളിലെ പലവിധത്തിലുള്ള രോഗികളെ ചികിത്സയ്ക്ക് വിധേയമാക്കുന്ന മിക്ക മിഷ്യനുകളും പ്രവർത്തനരഹിതമോ അല്ലെങ്കിൽ മിഷ്യനുകൾ ഇല്ലാത്ത അവസ്ഥയോ ആയതിനാൽ ഇവ കണ്ട് പിടിച്ച് പരിഹാരം കാണുന്നതിനായി സ്ഥിരംസംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; വിശദമാക്കാമോ?

(ഡി) മെഡിക്കൽ കോളേജുകളിലെ മെഷീനുകൾ നിരന്തരമായ ഉപയോഗം കാരണവും കാലപ്പഴക്കം കൊണ്ടും പ്രവർത്തന രഹിതമാകാറുണ്ട്. ഇവ അടിയന്തരമായി റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കി രോഗികൾക്ക് ചികിത്സ നൽകാറുണ്ട്. പുതിയ മിഷീനുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു മെഡിക്കൽ കോളേജുകളിലെ നിലവിലുള്ള ഉപകരണങ്ങളുടെ പരിപാലനത്തിനും ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണത്തിനുമായി 2017-18 ലെ ബഡ്ജറ്റിൽ 23 കോടി രൂപ പദ്ധതിയിനത്തിൽ അനുവദിക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്

**സെക്ഷൻ ഓഫീസർ**